**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 995** **14-01-2021 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിൽ ജലവിഭവവകുപ്പ് മുഖേന ഭരണാനുമതി നൽകിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Shri. K. Krishnankutty**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ ജലവിഭവവകുപ്പ് മുഖേന ഭരണാനുമതി നൽകി പൂർത്തീകരിച്ചതും വിവിധ ഘട്ടങ്ങളിൽ ഉള്ളതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് ഉത്തരവിന്റെ പകർപ്പ് സഹിതം വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏറനാട് മണ്ഡലത്തിൽ ചീഫ് എൻജിനീയർ (ജലസേചനവും ഭരണവും) മുഖേന ഭരണാനുമതി നല്കിയ പദ്ധതികൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏറനാട് മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന ഭരണാനുമതി നല്കിയ പദ്ധതികൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.ഏറനാട് മണ്ഡലത്തിൽ കുഴിമണ്ണ പഞ്ചായത്തിലെ ജി.എൽ.പി. സ്കൂൾ, മേൽമുറി (ബാദൽ സ്കൂൾ), ചാലിയാർ പഞ്ചായത്തിലെ കണ്ണംകുണ്ട് എസ്. ടി. കോളനി, കീഴുപറമ്പ് പഞ്ചായത്തിലെ തടപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ ഭൂജലവകുപ്പ മുഖേന കുഴൽ കിണർ കുഴിക്കുന്ന പ്രവർത്തി പൂർത്തീകരിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏറനാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകി പൂർത്തീകരിച്ചതും വിവിധ ഘട്ടങ്ങളിൽ ഉള്ളതുമായ പദ്ധതികളുടെ വിശദാംശങ്ങളും ഉത്തരവുകളുടെ പകർപ്പും അനുബന്ധം 3ൽ ചേർത്തിരിക്കുന്നു. |
| (ബി) | ജലവിഭവവകുപ്പ് മുഖേന ഈ സർക്കാർ വന്നതിനു ശേഷം ഓരോ നിയോജകമണ്ഡലത്തിലും ചെയ്ത പ്രവൃത്തികൾക്ക് അനുവദിച്ച ഫണ്ടുകളുടെ വിശദാംശം നൽകുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജലനിധി മുഖേന ജലജീവൻ മിഷൻ പദ്ധതി പ്രകാരം ചെയ്ത പ്രവൃത്തികൾക്ക് അനുവദിച്ച തുകയുടെ നിയോജക മണ്ഡലം തിരിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധം 4 ആയി ഉള്ളടക്കം ചെയ്യുന്നു. ജലനിധിയുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മഴവെള്ള സംഭരണം, ഭൂജല പരിപോഷണം പദ്ധതിയുടെ നിയോജക മണ്ഡലം തിരിച്ചുള്ള അനുവദിച്ചിട്ടുള്ള തുകയുടെ പട്ടിക അനുബന്ധം 5 ആയി |

| | | | |
|---|---|---|---|
| | | | ചേർത്തിരിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ നിയോജകമണ്ഡലത്തിലും ജലനിധി ചെയ്ത പ്രവർത്തികൾക്ക് അനുവദിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം 6 ഉം 7 ഉം ആയും ഉള്ളടക്കം ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ നിയോജകമണ്ഡലത്തിലും ഭൂജലവകുപ്പ ചെയ്ത പ്രവർത്തികൾക്ക് അനുവദിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ Annexure 8 ആയി ഉള്ളടക്കം ചെയ്യുന്നു. ചീഫ് എൻജിനീയർ (ജലസേചനവും ഭരണവും )വകുപ്പിന്റെ ഓഫീസിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു. എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ